ഇരിങ്ങാലക്കുട രൂപതയിൽ കാട്ടൂർ ഇടവകയിലെ പാലാട്ടി കുടുംബാംഗമാണ്. ത്വക്‌രോഗവിദഗ്ദ്ധയായി ഇരിങ്ങാലക്കുടയിൽ ജോലിചെയ്യുന്നു. ഭർത്താവ് ഡോ. ജോയ് വർഗ്ഗീസ്; 2 മക്കൾ ; മകൻ റോയ് കോഴിക്കോട് മെഡിക്കൽ കോളേജിൽ 4-ാം വർഷ എം.ബി.ബി.എസ്. വിദ്യാർത്ഥി; മകൾ ശില്പ തൃശൂർ നിർമ്മലമാതാ സ്കൂളിൽ പ്ലസ്ടു വിദ്യാർത്ഥിനി.

ലോഗോസ് ക്വിസ് പരീക്ഷയിൽ പങ്കെടുത്ത ആദ്യ അനുഭവംതന്നെ ഇത്ര ഹൃദ്യമാക്കിതീർത്ത കാരുണ്യവാനായ ദൈവത്തിന് നന്ദി. ബൈബിൾ വായിക്കുന്ന ശീലം വർഷങ്ങളായി ഉണ്ടെങ്കിലും വചനം ഹൃദിസ്ഥമാക്കാൻ ശ്രമിക്കാറില്ല. ദൈവവചനം അനായാസം അദ്ധ്യായവും വാക്യവും സഹിതം ഉദ്ധരിക്കുന്ന വ്യക്തികളെ തെല്ലൊരു ആരാധനാമനോഭാവത്തോടെ വീക്ഷിക്കാറുണ്ട്. അതുപോലെ വചനം പറയുവാൻ സാധിക്കുക എന്നത് ഒരു ചിരകാല അഭിലാഷമാണ്. ബൈബിൾ പൂർണമായി ഒരു പ്രാവശ്യമെങ്കിലും വായിക്കണം എന്നത് മറ്റൊരു ആഗ്രഹമാണ്. ലോഗോസ് ക്വിസ് പരീക്ഷ പകൽവെളിച്ചം പോലെ കൺമുന്നിലുണ്ടായിരുന്നെങ്കിലും, അതിന്റെ സാധ്യതകളെ തിരിച്ചറിഞ്ഞിരുന്നില്ല; അതിലൂടെ എന്റെ അഭിലാഷം പൂവണിയുമെന്ന് മനസ്സിലാക്കിയിരുന്നില്ല. ഒരുപക്ഷേ, ഈ രംഗത്തേക്ക് ഞാൻ കടന്നുവരാൻ കർത്താവ് നിശ്ചയിച്ച സമയം ഇതായിരുന്നിരിക്കാം. ഞങ്ങളുടെ വികാരിയച്ചൻ ബഹു. വർഗ്ഗീസ് അരിക്കാട്ട് അച്ചൻ, ലോഗോസ് ക്വിസിൽ ഇടവകയിലെ എല്ലാവരും പങ്കെടുക്കണമെന്നും ഇനിയും 3 മാസം സമയമുണ്ട്, നന്നായി പഠിക്കാമെന്നും ഉദ്ബോധിപ്പിച്ചു. അച്ചന്റെ നിർദ്ദേശം അനുസരിക്കുക എന്ന് ഒരു ഉൾവിളി. അങ്ങനെ പേരു രജിസ്റ്റർ ചെയ്തു.

പരീക്ഷയ്ക്കു ചേർന്നു കഴിഞ്ഞപ്പോൾ ദൈവം തന്ന ഈ അവസരം പൂർണമായും പ്രയോജനപ്പെടുത്തണമെന്ന് തീരുമാനിച്ചു. വചനം പഠിക്കാൻ തുടങ്ങി. പഠിക്കുന്തോറും വചനത്തോടുള്ള ആഭിമുഖ്യം വർദ്ധിക്കുവാൻ തുടങ്ങി. എന്റെ സ്ക്കൂൾ പ്ലസ്ടു കാലഘട്ടത്തിലോ, എം.ബി.ബി.എസ്., എം.ഡി. പഠനകാലത്തോ ഒരിക്കലും അനുഭവിച്ചിട്ടില്ലാത്തവിധം, പഠനം ആസ്വാദ്യകരവും അനുഭൂതിദായകവും ആണെന്ന് ഞാൻ അനുഭവിച്ചറിഞ്ഞു. മനസ്സിൽ ആനന്ദം നിറയാൻ തുടങ്ങി. വചനത്തോടുള്ള അഭിനിവേശത്തിന്റെ മുൻപിൽ സമയക്കുറവും ജോലികഴിഞ്ഞെത്തുമ്പോഴുള്ള ക്ഷീണവുമെല്ലാം അപ്രസക്തമായി.

ആദ്യമായി പങ്കെടുക്കുന്നതിനാൽ ചോദ്യങ്ങളുടെ ഘടനയെക്കുറിച്ച് വ്യക്തമായ ധാരണയൊന്നുമില്ലായിരുന്നു. 2011 ലോഗോസ് ക്വിസിന്റെ പാഠ്യഭാഗങ്ങളെ ആസ്പദമാക്കി തയ്യാറാക്കിയ ചില ഗൈഡുകൾ വായിച്ചപ്പോഴാണ് ചോദ്യങ്ങളുടെ ഏകദേശരൂപം മനസ്സിലായത്. പരിശുദ്ധാത്മാവിന്റെ പ്രത്യേക പരിപാലനയും പ്രചോദനവും എപ്പോഴുമുണ്ടായിരുന്നു. എന്റെ ഒരു സുഹൃത്ത് നിർദ്ദേശിച്ച പ്രാർത്ഥന വചനം പഠിക്കുന്നതിനുമുൻപ് ചൊല്ലിയിരുന്നു. “പരിശുദ്ധ അമ്മേ, മാതാവേ, അങ്ങയുടെ പുത്രന്റെ വചനം എന്റെ ഹൃദയത്തിൽ പതിപ്പിക്കണമേ; തക്കസമയത്ത് അതെനിക്ക് ഓർമ്മപ്പെടുത്തി തരണമേ.” അമ്മ പഠിപ്പിച്ചാൽ മക്കൾ പഠിക്കും. കർത്താവ് തന്റെ മക്കളെ പഠിപ്പിക്കും അവർ ശ്രേയസ്സാർജ്ജിക്കും എന്ന വചനം മനസ്സിലുണ്ട്. ഈശോയെ അങ്ങയുടെ വചനം എന്നെ പഠിപ്പിക്കുകയും അങ്ങാഗ്രഹിക്കുന്ന ശ്രേയസ്സ് മാത്രം എനിക്കു നൽകുകയും ചെയ്യണമേ - എന്നു തുടർന്നു പ്രാർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പഠിക്കുമ്പോൾ ഓർമ്മിക്കുവാൻ ബുദ്ധിമുട്ട് തോന്നിയ കാര്യങ്ങൾ കുറിപ്പുകൾ തയ്യാറാക്കി പഠിച്ചിരുന്നു. ദിവസം ഒരു അദ്ധ്യായം എന്ന ക്രമത്തിലായിരുന്നു ആദ്യപ്രാവശ്യത്തെ പഠനം. പിന്നീട് ആവർത്തനത്തിലൂടെയാണ് കൂടുതൽ ഹൃദിസ്ഥമായത്. സംസ്ഥാനതല പരീക്ഷയ്ക്ക് P.O.C. യിൽ നിന്നു നിർദ്ദേശിച്ച ഫിലിംസ് കണ്ടിരുന്നു. ബൈബിളിനെ കുറിച്ചുള്ള പൊതുചോദ്യങ്ങൾ വിപുലമായൊന്നും പഠിക്കാൻ സാധിച്ചിരുന്നില്ല. ചോദ്യങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ഇല്ലായിരുന്നു. എന്റെ അറിവിനെക്കാൾ ഉപരിയായി, ഒരു ദൈവനിയോഗംപോലെ, ഈശോയുടെ കൃപയാൽ, ഞാൻ ഈ വിജയത്തിലെത്തി എന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ലോഗോസ് ക്വിസ് ഒരു മൽസര പരീക്ഷയാണല്ലോ. ഒരു മത്സര പരീക്ഷയ്ക്ക് തയ്യാറെടുക്കുമ്പോൾ സൂക്ഷ്മതയോടും പൂർണതയിലും ആഴത്തിലും പാഠ്യഭാഗങ്ങളിലേക്ക് നാം ആഴ്ന്നിറങ്ങും. അനുദിന ജീവിതത്തിലെ വചനവായന, അത്രയും ആഴമേറിയ ഒരു വചന പഠനത്തിലേക്ക് നമ്മെ നയിക്കുമോ എന്ന കാര്യം സംശയമാണ്. ഇവിടെയാണ് ലോഗോസ് ക്വിസിന്റെ പ്രസക്തിയും വിജയവും.

മറ്റു പരീക്ഷകളിൽ നിന്നും വ്യത്യസ്തമായി, ലോഗോസ് ക്വിസിന്റെ ആത്യന്തിക ലക്ഷ്യം പരീക്ഷാവിജയം എന്നതിനെക്കാൾ, വചനത്തിലുള്ള വളർച്ചയാണ്. ആ ലക്ഷ്യത്തിൽനിന്നു വ്യതിചലിക്കാതിരിക്കാനും വ്യക്തിപരമായ അംഗീകാരത്തിനും പ്രശസ്തിക്കും വേണ്ടിയുള്ള ഒരു ഉപാധിയായി ഈ വചനപരീക്ഷയെ സമീപിക്കാതിരിക്കാനും ഈശോ കൃപനൽകട്ടെ. നാം പഠിച്ച വചനം നമ്മുടെ ബൗദ്ധികതലത്തിൽ മാത്രം ഒതുങ്ങിനിൽക്കാതെ നമ്മുടെ ചിന്തകളിലും വാക്കുകളിലും പ്രവൃത്തികളിലും നിറഞ്ഞ്, നൂറുമേനി ഫലം പുറപ്പെടുവിക്കാനും ദൈവമഹത്ത്വത്തിനായി ഈ ജ്ഞാനം പ്രയോജനപ്പെടുത്താനും ഈശോ അനുഗ്രഹിക്കട്ടെ.

ലേഖനത്തിന്റെ പ്രാധാന്യമർഹിക്കുന്നതും എഴുതി ബോധ്യപ്പെടുത്താൻ ഏറ്റവും ബുദ്ധിമുട്ടുള്ളതുമായ ഭാഗത്തിലേക്ക് ഞാൻ പ്രവേശിക്കുകയാണ്.

**“ദൈവസ്നേഹം വർണ്ണിച്ചിടാൻ വാക്കുകൾ പോരാ...**
**നന്ദിചൊല്ലി തീർക്കുവാൻ ഈ ജീവിതം പോരാ...”**

ഈ വരികൾ എന്റെ ഈശോഅനുഭവത്തിന്റെ ഒരു രത്നച്ചുരുക്കമാണെന്നു പറയാം. എന്റെ ഈശോയുമായുള്ള ബന്ധം ഓർമ്മവച്ച കാലം മുതൽ ക്രമാനുഗതമായി വളർന്നുവന്നതാണ്; ഒരു പ്രത്യേക ജീവിതാനുഭവത്തിലൂടെ ഈശോയെ തിരിച്ചറിഞ്ഞതല്ല. ഇന്ന്, ജീവൻ നിലനിറുത്തുന്ന അവശ്യവസ്തുക്കളായ വെള്ളം, വായു, ഭക്ഷണം എന്നിവപോലെ, അതിനേക്കാളേറെ ഈശോ എന്റെ ജീവിതത്തിലെ ഒരു അവിഭാജ്യസാന്നിധ്യമാണ്; മാധുര്യമൂറുന്ന ഒരു അനുഭവമാണ്; ശക്തീകരിക്കുന്ന സ്നേഹസാന്ത്വനമാണ്. ആ ഉൽക്കൃഷ്ട സ്നേഹത്തിന്റെ ഒരംശമെങ്കിലും തിരികെ നല്കാനായാൽ ജീവിതം സ്വാർത്ഥകമായി.

**ഡോ. റിനി**
ഇരിങ്ങാലക്കുട രൂപത
ഡി. വിഭാഗം I[st]